മുഖ്യമന്ത്രിയുടെ യാത്രാബത്ത

4. [4] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ആഗസ്റ്റുമാസത്തിനുശേഷം മുഖ്യമന്ത്രിയുടെ യാത്രാബത്തയിനത്തിൽ എത്ര രൂപാ ചെലവായി ;

(ബി) ഇതിൽ ഡൽഹിയാത്രയ്ക്കായി ചെലവായ തുക എത്ര ?

ഉത്തരം

(എ) 30,061.45 രൂപ.

(ബി) 5,580 രൂപ.

മുഖ്യമന്ത്രിയുടെ യാത്രാപ്പടി ഇനത്തിൽ ചെലവായ തുക

5. [5] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നടപ്പുസാമ്പത്തിക വർഷത്തിൽ 28-2-1986 വരെ മുഖ്യമന്ത്രിയുടെ യാത്രപ്പടി ഇനത്തിൽ ചെലവാക്കിയ തുക എത്ര ?

ഉത്തരം

നടപ്പുസാമ്പത്തിക വർഷത്തിൽ 28-2-1986 വരെ മുഖ്യമന്ത്രിയുടെ യാത്രാപ്പടി ഇനത്തിൽ 57,561.60 രൂപ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെ വിമാനയാത്രയ്ക്ക് ചെലവായ തുക

6. [7] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയുടെയും വിമാനയാത്രയ്ക്കായി ബജനാവിൽനിന്ന് ചെലവഴിച്ച തുക എത്രവീതം ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ ഓരോ മന്ത്രിയുടെയും വിമാനയാത്രക്കൂലിക്കായി ബജനാവിൽനിന്ന് ചെലവഴിച്ച തുക താഴെ കൊടുക്കുന്നു.

		രൂപ
1.	മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ	1,71,654
2.	ഉപമുഖ്യമന്ത്രി ശ്രീ. കെ. അവുക്കാദർകുട്ടി നഹ	ഇല്ല
3.	വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ്	1,88,043

LIBRARY ARCHIVES Kerala Legislative Assembly